# കേരളാ സ്റ്റേറ്റ്
# എക്സൈസ് സ്റ്റാഫ് അസോസിയേഷൻ
**ജില്ലാകമ്മറ്റി, മലപ്പുറം, രജിസ്റ്റർ നമ്പർ 263/88**

**സർക്കുലർ നമ്പർ 9/2016-17**

സുഹൃത്തെ,

അസോസിയേഷന്റെ ജില്ലാകമ്മറ്റി യോഗം 11.04.2017-ന് ഉച്ചക്ക് 2 മണിക്ക് ജില്ലാ പ്രസിഡന്റ് കെ. പ്രദീപ്കുമാറിന്റെ അധ്യക്ഷതയിൽ മലപ്പുറം എക്സൈസ് ഭവനിൽ വെച്ച് ചേർന്നു. പ്രശസ്ത സാഹിത്യനിരൂപകൻ പ്രൊഫ. എം. അച്യുതന്റെ നിര്യണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

കഴിഞ്ഞ ജില്ലാ കമ്മറ്റി കാലയളവിന് ശേഷം നടത്തിയ പ്രവർത്തനങ്ങളെ കുറിച്ച് സെക്രട്ടറി ശ്രീ. വി.കെ. സുരജ് റിപ്പോർട്ട് അവതരിപ്പിച്ചു. കഴിഞ്ഞ മാസത്തിൽ നടന്ന മുൻകാല സംഘടനാ പ്രവർത്തകനായ ശ്രീ. പി.എസ്. വിജയന് നൽകിയ യാത്രയയപ്പ് ചടങ്ങ് മികച്ചതായിരുന്നുവെന്നും എന്നാൽ കൃത്യസമയത്ത് പരിപാടി നടത്താൻ കഴിയാത്തത് വീഴ്ചയാണെന്നും പറഞ്ഞു. ലീവ് സറണ്ടർ അതത് ഓഫീസുകളിൽ തന്നെ മാറിയിടുക്കാനുള്ള ഉത്തരവ് ലഭിക്കാൻ സംഘടന നടത്തി ഇടപെടലുകളെ കുറിച്ച് സംസ്ഥാന കമ്മിറ്റി അംഗം ശ്രീ. ടി. പ്രജോഷ് കുമാർ വിശദീകരിച്ചു.

തുടർന്ന് മേൽ റിപ്പോർട്ടുകളിലും ഭാവി പരിപാടികളെ കുറിച്ചും നടത്തിയ വിശമായ ചർച്ചയിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

**തീരുമാനങ്ങൾ**

1) ഏപ്രിൽ 27-ന് എക്സൈസ് വകുപ്പിൽ നിന്നും വിരമിച്ച സംഘടനയുടെ പഴയകാല പ്രവർത്തകരെയുടെ ഒരു സംഗമം നടത്തുന്നതിനും ചടങ്ങിൽ മുതിർന്ന മുൻകാല പ്രവർത്തകരെ ആദരിക്കാനും തീരുമാനിച്ചു.

2) പ്രസ്തുത ചടങ്ങിൽ ഈ ഏപ്രിൽ 29-ന് എക്സൈസ് വകുപ്പിൽ നിന്നും വിരമിക്കുന്ന മലപ്പുറം ഡിവിഷൻ ഓഫീസിലെ ഓഫീസ് അറ്റന്റന്റ് ശ്രീ. വി.കെ. ഇസ്മായിലിന് സമുചിതമായ യാത്രയയപ്പ് നൽകാൻ തീരുമാനിച്ചു.

യോഗം വൈകിട്ട് 6.00 മണിക്ക് അവസാനിച്ചു.

മലപ്പുറം
11.04.2017

അഭിവാദനങ്ങളോടെ,

വി.കെ. സുരജ്
ജില്ലാ സെക്രട്ടറി